**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2298

19-07-2016-ൽ മറുപടിയ്ക്ക്

**ഇന്ത്യ ട്രേഡ് സെന്റർ**

ചോദ്യം
ശ്രീ. എൻ.എ. നെല്ലിക്കുന്ന്

ഉത്തരം
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷിവകുപ്പ് മന്ത്രി)

(എ) കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിനു കീഴിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന ഇന്ത്യ ട്രേഡ് സെന്ററിന്റെ അയ്യായിരം കോടിയിൽപ്പരം രൂപ ഓഡിറ്റ് നടത്താതെ കേന്ദ്രസർക്കാർ തടഞ്ഞുവച്ചിരിക്കുകയാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ആരോപണത്തിന്റ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) ഒൻപത് വർഷത്തിനിടെ, വിവിധ സംസ്ഥാനങ്ങളിലെ കർഷകരിൽ നിന്ന് ഉല്പന്നങ്ങൾ വാങ്ങി വിൽപ്പന നടത്തി സമാഹരിച്ച തുകയാണു സാങ്കേതിക കാരണങ്ങളും നിയമ പ്രശ്നങ്ങളും ചൂണ്ടിക്കാട്ടി കേന്ദ്രസർക്കാർ തടഞ്ഞു വച്ചിരിക്കുന്നതെന്ന് പറയപ്പെടുന്നു. ഇതിൽ കേരളത്തിന്റെ വിഹിതം എത്ര തുക വരുമെന്ന് വ്യക്തമാക്കാമോ;

(എ) & (ബി) ഇന്ത്യ ട്രേഡ് സെന്ററിന്റെ അയ്യായിരം കോടിയിൽപ്പരം രൂപ ഓഡിറ്റ് നടത്താതെ കേന്ദ്ര സർക്കാർ തടഞ്ഞു വച്ചിരിക്കുകയാണെന്ന ആരോപണം ഇതുവരെ സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

| | |
|---|---|
| (സി) ഇന്ത്യ ട്രേഡ് സെന്റർ എന്ന പേരിൽ 2007-ൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ കമ്പനി രൂപവൽക്കരിച്ചത് രാജ്യത്തെ കർഷകരെയും പരമ്പരാഗത തൊഴിലാളിക ളെയും വ്യാപാര ഇടനിലക്കാ രുടെ ചൂഷണത്തിൽ നിന്ന് മോചിപ്പിക്കുകയെന്ന ലക്ഷ്യ ത്തോടുകൂടിയാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിനു വേണ്ടി നടത്തിയ പ്രവർത്ത നങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ? | (സി) യൂറോപ്യൻ യൂണിയൻ വിപണിയിൽ തങ്ങളുടെ ഉല്പന്നങ്ങൾ വിപണനം ചെയ്യുവാനായി, ഇടത്തര ചെറുകിട നാമമാത്ര ഉത്പാദകരായ കയറ്റുമതി ക്കാരെ സഹായിക്കുവാൻ കേന്ദ്ര സർക്കാരിന്റെ വ്യാപാര മന്ത്രാലയ ത്തിന്റെ കീഴിലുള്ള ഫെഡറേഷൻ ഓഫ് ഇന്ത്യൻ എക്സ്പോർട്ടേഴ്സ് ഓർഗനൈസേഷൻ റൊമാനിയായിൽ തുടങ്ങിയ സ്ഥാപനമാണ് ഇന്ത്യ ട്രേഡ് സെന്റർ. ഉല്പന്നങ്ങൾ വാങ്ങുകയോ വിൽക്കുകയോ ചെയ്യുന്ന ഒരു സ്ഥാപ നമല്ല ഇത്. ചെറുകിട കയറ്റുമതി ക്കാർക്ക് വിദേശ വിപണിയിൽ വളരു വാനായിട്ടുള്ള ഒരു സേവന ദാതാവാ യിട്ടാണ് പ്രസ്തുത സ്ഥാപനം നില കൊണ്ടത്. ഇന്ത്യ ട്രേഡ് സെന്റർ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. |

**അണ്ടർ സെക്രട്ടറി.**